**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **24-02-2022 - ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട് എന്ന വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ 71 കുടുംബങ്ങളും ആലപ്പുഴ ജില്ലയിൽ 3 കുടുംബങ്ങളും കോഴിക്കോട് ജില്ലയിൽ 3 കുടുംബങ്ങളും ക്യാമ്പുകളിൽ കഴിയുന്നുണ്ട്. |
| (ബി) | ഇപ്രകാരം രണ്ടു വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങൾ ഉണ്ട് എന്ന കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇത്തരം കുടുംബങ്ങൾക്ക് അടിയന്തരമായി പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ 71 കുടുംബങ്ങളിൽ 49 കുടുംബങ്ങൾ രണ്ട് വർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്നവരാണ്. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയത്തിലേക്ക് ക്യാമ്പിൽ കഴിയുന്ന അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ ജില്ലകളിൽ രണ്ട് വർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്ന ആരും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ